# സ്നേഹത്തോടെ ജീവിക്കുക, ജീവിത സുഖം കണ്ടെത്തുക!

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

വിവർത്തനം
അബ്ദുശ്ശകൂർ ഖാസിമി

പ്രസാധനം
**ആൾ ഇന്ത്യാ പയാമെ ഇൻസാനിയ്യത്ത് ഫോറം**
**ദാറുൽ ഉലൂം , ഓച്ചിറ**

സ്നേഹത്തോടെ ജീവിക്കുക,
ജീവിത സുഖം കണ്ടെത്തുക!

Publisher : payame insaniyath -8
Sayyid Hasani Academy
Darul Uloom Islamiyya,
Oachira, Kollam, Kerala

Settings : B!lal Hasan!

**Website : www.sayyidhasaniacademy.com**

# അവതാരിക

മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി
(ചെയർമാൻ ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്
&
ഓൾ ഇന്ത്യാ പയാമെ ഇൻസാനിയത്ത് ഫോറം)

പൗരാണിക കാലത്ത് ജനങ്ങൾ കുടുംബ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഒരുമിച്ചുകൂടി കഴിഞ്ഞിരുന്നത്. ഓരേ കുടുംബക്കാർ ആയിരുന്നതുകൊണ്ട് അവർക്കിടയിൽ പ്രശ്നങ്ങളും വളരെ കുറവായിരുന്നു. പിൽക്കാലത്ത് നാഗരികതയും സംസ്കാരങ്ങളും വളർന്നു. കുടുംബ ബന്ധങ്ങളെ കൂടാതെയുള്ള ബന്ധങ്ങളും നിലവിൽ വന്നു. ഇത്തരുണത്തിൽ സംജാതമായ ഒരു ബന്ധമാണ് ഒരു നാട്ടുകാരെന്ന ബന്ധം. വിവിധ മതസ്ഥരും വിഭാഗക്കാരുമായ ആളുകൾ ഇതിലൂടെ ഒരു പ്രദേശത്ത് ഒരുമിച്ചുകൂടി താമസിക്കുന്നതാണ്. ഇത് സാമൂഹ്യമായും നാഗരികമായും ധാരാളം പ്രയോജനങ്ങൾ നൽകുന്നെങ്കിലും വിത്യസ്ത മത വിഭാഗങ്ങളായ കാരണത്താൽ വിവിധ പ്രശ്നങ്ങൾക്ക് സാധ്യതയുമുണ്ട്. ഈ പ്രശ്നങ്ങൾ കുറയ്ക്കാനും ഇല്ലാതാക്കാനുമുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണ് മാനുഷിക മൂല്യങ്ങളിൽ ഉറച്ച് നിന്നുകൊണ്ടുള്ള പരസ്പര ബന്ധങ്ങൾ. നാമെല്ലാവരും ഒരു പിതാവിന്റെ മക്കളായ കാരണത്താൽ പരസ്പര സഹോദരങ്ങളും ഒരുമിച്ച് ഒരു രാജ്യത്ത് താമസിക്കുന്നതിനാൽ പരസ്പരം അയൽവാസികളുമാണ്. സഹോദരങ്ങളും അയൽവാസികളും വിത്യസ്ത മതസ്ഥരും കുടുംബക്കാരുമാണെങ്കിലും വലിയ ബന്ധമുള്ളവരും കടമകൾ പാലിക്കേണ്ടവരുമാണ്.

ഇന്ത്യാ മഹാരാജ്യം പ്രവിശ്യാലമായ ഒരു പ്രദേശമാണ്. ഈ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും യഥാർത്ഥ പുരോഗതികൾക്കും

സന്തോഷസമാധാനങ്ങൾക്കും മാനവികതയിൽ ഊന്നിക്കൊണ്ടുള്ള ഉപര്യുക്ത രണ്ട് ബന്ധങ്ങൽ വളർത്താൻ നാം പരിശ്രമിക്കേണ്ടതാണ്. ഈ രാജ്യം വളർന്നുവലുതായി ഇവിടെവരെയും എത്തിയത് ഇതേ അടിസ്ഥാനത്തിൽ തന്നെയാണ്. ഹൈന്ദവരും മുസ്‌ലിംകളും സിക്കുകാരും ക്രൈസ്തവരും ഈ ബന്ധത്തെ മാനിക്കുകയും പാലിക്കുകയും ചെയ്തുകൊണ്ട് പരിശ്രമിച്ചതിലൂടെയാണ് ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത്. എന്നാൽ ഖേദകരമെന്ന് പറയട്ടെ സ്വാതന്ത്ര്യത്തിന് ശേഷം ഇവിടെ കുടുംബ മത വിഭാഗ ബന്ധങ്ങൾക്ക് തെറ്റായ നിലയിൽ വളരെയധികം സ്ഥാനം നൽകപ്പെട്ടു. ഇത് രാജ്യ നന്മയ്ക്ക് വളരെ ദോഷം ചെയ്തു. വിവിധ മതസ്ഥർക്കിടയിൽ സാഹോദര്യത്തിന് പകരം അനാരോഗ്യകരമായ മത്സരങ്ങൾക്കും അപകടകരമായ പിടിവലികൾക്കും കാരണമായി. മനുഷിക അയൽവാസ ബന്ധങ്ങൾ അവഗണിക്കപ്പെട്ടു. ഇതിലൂടെ ധാരാളം പ്രശ്നങ്ങൾ സംജാതമായി. ഓരോരുത്തരും അവരവരുടെ വിഭാഗങ്ങളുമായി ഒതുങ്ങുകയും മറ്റുള്ളവരെ തകർക്കാൻ പരിശ്രമിക്കുകയും ചെയ്തു. ഈ അവസ്ഥ രാജ്യത്തിന് അത്യന്തം അപകടകരമാണ്.

വിശ്വപണ്ഡിതനായ അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ ലോകത്ത് നിന്നും വിടപറഞ്ഞ വ്യക്തിയാണ്. അദ്ദേഹം ഈ മഹാരാജ്യത്ത് നടന്നിട്ടുള്ള അവസ്ഥകളെ കാണുക മാത്രമല്ല പലതിലും നേർക്കുനേരെ ബന്ധപ്പെടുക കൂടി ചെയ്ത വ്യക്തിത്വമാണ്. ആദ്യം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം പങ്കെടുത്തു. തുടർന്ന് സ്വാതന്ത്ര്യം വിഭവജനവും ഒരുമിച്ച് നടന്നപ്പോൾ നടമാടിയ സംഭവങ്ങൾക്കും അദ്ദേഹം സാക്ഷിയായി. തുടർന്ന് ഈ രാജ്യം ബാഹ്യമായി പുരോഗതിയിലേക്ക് നീങ്ങുന്നതും ആന്തരികമായി അധഃപതിക്കുന്നതും അദ്ദേഹം നേരിൽ കണ്ടു. ഒരു നാട്ടുകാരെന്ന നിലയിൽ പരസ്പരം ആദരിച്ചും സഹകരിച്ചും നീങ്ങുന്നതിന് പകരം അക്രമങ്ങളും അരാജകത്വങ്ങളും കത്തിക്കയറുന്നത് കണ്ട് അദ്ദേഹവും കൂട്ടുകാരും അത്യധികം ദു;ഖിച്ചു. ആദ്യം രാജ്യത്തെ നേതാക്കന്മാരും ബുദ്ധിജീവികളും പണ്ഡിതരുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങൾ ഉണർത്തി. എന്നാൽ അവർ ഉത്തരവാദിത്വം പൂർണ്ണമായ നിലയിൽ ഉണരാത്തത് കണ്ടപ്പോൾ പയാമെ ഇൻസാനിയ്യത്ത് (മെസ്സേജ് ഓഫ് ഹ്യുമാനിറ്റി, മാനവതാ സന്ദേശ്) എന്ന പേരിൽ ഒരു പ്രവർത്തനം ആരംഭിച്ചു. മൗലാനാ

തന്നെ പറയുന്നത് കേൾക്കുക:

കോടിക്കണക്കിന് ജനങ്ങളും അവർക്കിടയിൽ നിരവധി വലിയ വ്യക്തിത്വങ്ങളും ജീവിക്കുന്ന പ്രവിശ്യാലമായ ഈ മഹാരാജ്യത്ത് സ്വഭാവ പരമായ ദൂഷ്യങ്ങളെ ദൂരീകരിക്കാനും മാനവികത പ്രചരിപ്പിക്കാനും അക്രമങ്ങൾ തടയാനും വേണ്ട നിലയിൽ ആരും മുമ്പോട്ട് വരാത്തത് വളരെ ഖേദകരം തന്നെ. ഞങ്ങൾ ധാരാളം ആളുകളെ വളരെ നേരം പ്രതീക്ഷിച്ചുകഴിഞ്ഞു. അവസാനം ഞങ്ങളെക്കൊണ്ട് കഴിയുന്നത് എന്തെങ്കിലും ചെയ്യാമെന്ന് വിചാരിച്ച് ഞങ്ങൾ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. സുമനസ്സുകളായ ആളുകൾ ഇത് സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു'

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ യാത്ര ചെയ്ത് ചെറുതും വലുതുമായ സദസ്സുകൾ സംഘടിപ്പിച്ചു. മൗലാനാ തന്റെ ചിന്തയും വേദനയും ആഗ്രഹവും പങ്കുവെച്ചു. ഈ വിഷയത്തിൽ 1983-ൽ ഒക്ടോബർ 22-ന് ഗോരഖ്പൂരിൽ ഒരു സമ്മേളനം സംഘടിപ്പിക്കപ്പെട്ടു. ആയിരക്കണക്കിന് മുസ്‌ലിം അമുസ്‌ലിം സഹോദരങ്ങൾ പങ്കെടുത്ത ഈ സമ്മേളനത്തിൽ മൗലാനാ നടത്തിയ അത്യന്തം ചിന്തനീയമായ പ്രഭാഷണമാണ് ഈ രചനയുടെ ഇതിവൃത്തം.

മൗലാനായുടെ വിയോഗാനന്തരം ഈ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു. പടച്ചവന്റെ അനുഗ്രഹത്താൽ വലിയ ഫലങ്ങൾ അനുഭവപ്പെടുന്നുമുണ്ട്. ഈ പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം മൗലാനായുടെ ഇത്തരം പ്രഭാഷണങ്ങൾ കഴിവിന്റെ പരമാവധി ജനങ്ങൾക്ക് എത്തിച്ചുകൊടുക്കലാണ്. എല്ലാ കാലങ്ങളിലും സ്ഥലങ്ങളിലും പ്രയോജനപ്രദമായ കാര്യം എന്നതാണ് മൗലാനായുടെ പയാമെ ഇൻസാനിയ്യത്ത് പ്രഭാഷണങ്ങളുടെ പ്രത്യേകത. രാജ്യത്തിന്റെ ദു:ഖകരമായ അവസ്ഥകളും പരിഹാര മാർഗ്ഗങ്ങളും അത്യന്തം ഹൃദയ വേദനകളോടെ ഇതിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ മഹത്തായ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും സഹകരണം ഈ വിഷയത്തിൽ ആവശ്യമുണ്ട്. പടച്ചവൻ വളരെ അത്യാവശ്യമായ ഈ പ്രവർത്തനം എളുപ്പമാക്കുകയും സ്വീകരിക്കുകയും ഇതിൽ പങ്കാളികളാകാൻ എല്ലാവർക്കും ഉതവി നൽകുകയും ചെയ്യട്ടെ!

# സ്നേഹത്തോടെ ജീവിക്കുക, ജീവിത സുഖം കണ്ടെത്തുക!

മനുഷ്യൻ വെറും ആഹാരത്തെയും, വസ്ത്രത്തെയും പണത്തെയും മാത്രം ആഗ്രഹിക്കുന്നവനല്ല. മനുഷ്യന്റെ വിശപ്പും ദാഹവും ആഹാര വസ്തുക്കളിലേക്കും പണത്തിലേക്കും മാത്രമല്ല. മനുഷ്യന്റെ ഏറ്റവും വലിയ വിശപ്പും ആഗ്രഹവും സ്നേഹമാണ് ഒരു മനുഷ്യന് ഈ ലോകത്ത് സ്നേഹമല്ലാത്ത എല്ലാ വസ്തുക്കളും ലഭിച്ചാലും മനുഷ്യന്റെ യഥാർത്ഥ ആഗ്രഹം പൂർണ്ണമാകുന്നതല്ല. ഇത്തരം മനുഷ്യന്റെ ജീവിതം മ്യൂസിയം പോലെയാണ്. അവിടെ പോകുന്നവർ എല്ലാം കാണുമെങ്കിലും ഒന്നും ലഭിക്കാതെ വരുന്നതാണ്. സ്നേഹം വലിയൊരു നിധിയാണ്. അത് ലഭിക്കുന്നവൻ സ്വന്തം ക്ഷീണവും ദേഷ്യവും ദുഖവും രോഗവും എല്ലാം മറന്ന് പോകുന്നതാണ്. പരസ്പര സ്നേഹവും വിശ്വാസവും മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യമാണ്.

ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ രോഗം മനുഷ്യർക്കിടയിലുള്ള വിശ്വാസമില്ലായ്മയാണ്. പടച്ചവൻ രാഷ്ട്രീയക്കാർക്ക് പൊറുത്ത് കൊടുക്കുകയും നല്ല കാര്യങ്ങൾക്ക് ഉതവി നൽകുകയും ചെയ്യട്ടെ.! ഇന്നത്തെ രാഷ്ട്രീയക്കാർ സ്വന്തം വിശ്വാസവും പരസ്പരമുള്ള വിശ്വാസവും കളഞ്ഞ് കുളിച്ചിരിക്കുന്നു. ആർക്കും ആരെയും വിശ്വാസമില്ലാത്ത ഒരു സാഹചര്യം വളർന്ന് കൊണ്ടിരിക്കുന്നു. എല്ലാവരും എന്തെങ്കിലും നാശത്തിന് സാധ്യതയുണ്ട് എന്ന നിലയിലാണ് പരസ്പരം കാണുന്നത്. സ്വന്തം താത്പര്യങ്ങളില്ലാത്ത ആരെയും കാണാൻ കഴിയില്ലന്ന് എല്ലാവരും പറയുന്നു. ഈ ഒരു അവസ്ഥക്ക് മാറ്റം വരേണ്ടതുണ്ട് കാരണം പരസ്പര വിശ്വാസത്തിലൂടെയാണ് ഈ ലോകത്ത് കാര്യങ്ങളെല്ലാം നടക്കുന്നത്. പരസ്പര വിശ്വാസമില്ലങ്കിൽ മനുഷ്യൻ കാട്ടിൽ പോയി ജീവിക്കുന്നതാണ് ഉത്തമം. ഈ ലോകം നിലനിൽക്കുന്നത് ശുഭ പ്രതീക്ഷയിലാണ്.

മഹാത്മാക്കൾ പരസ്പരം വിശ്വാസവും കാരുണ്യവും പുലർത്തിയിരുന്നു. ചെറിയ കാര്യങ്ങളിൽ പോലും സ്നേഹ വിശ്വാസങ്ങൾ ഉണ്ടാക്കിയെടുക്കാൻ പരിശ്രമിച്ചിരുന്നു. ഇക്കൂട്ടത്തിലെ പ്രധാന വ്യക്തിത്വമായ ഹസ്രത്ത് നിസാമുദ്ദീൻ ഔലിയയുടെ അരികിൽ ഒരു ശിഷ്യൻ വന്ന് കത്തി കൊണ്ട് കൊടുത്തു ഹസ്രത്ത് പറഞ്ഞു: എനിക്ക് കത്തിയുടെ ആവശ്യമില്ല. എന്റെ ജോലി വെട്ടലും മുറിക്കലുമല്ല. മനസ്സുകളെയും മനുഷ്യരേയും ഒരുമിച്ച് കൂട്ടലാണ് എന്റെ ജോലി. അത് കൊണ്ട് ഇതിന് പകരം ഒരു സൂചി

കൊണ്ട് തന്നാൽ എത്ര നന്നായിരുന്നു.! അതിലൂടെ എനിക്ക് സാധനങ്ങൾ തുന്നിച്ചേർക്കാമായിരുന്നല്ലോ. അതെ, എന്റെ ജോലി ആളുകളെ പരസ്പരം അകറ്റലല്ല, പരസ്പരം ചേർക്കലാണ്.!!

ഇന്ന് പല തരത്തിലുള്ള കത്രികകൾ വർദ്ധിക്കുകയും വളരെ കുറഞ്ഞ വിലയിൽ ലഭിക്കുകയും ജനങ്ങൾ ധാരാളമായി ഉപയോഗിക്കുകയും ചെയ്യുന്നു. നമ്മുടെ നാവുകൾ,സ്വഭാവങ്ങൾ എല്ലാം കത്രികകളാണ് എന്നാൽ ഏറ്റവും വലിയ കത്രിക എന്നാണെന്ന് പറയട്ടെ, നിങ്ങൾ എന്നോട് മാപ്പാക്കണം. ശരിക്കും കണ്ട് മനസ്സിലാക്കിയത് കൊണ്ട് പറയുകയാണ്: ഇന്നത്തെ ഏറ്റവും വലിയ കത്രിക രാഷ്ട്രീയമാണ്. ഇന്ത്യ മുഴുവനും ഈ കത്രിക ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിലും രാജ്യ തലസ്ഥാനമായ ഡൽഹിയിലും ഇത് വളരെയധികം ഉപയോഗിക്കപ്പെടുന്നു. ഓരോ പാർട്ടികളിലും ധാരാളം കത്രികകളുണ്ട്. എല്ലാ നേതാക്കളും പത്രപ്രവർത്തകരും ഈ കത്രിക പ്രയോഗിക്കുന്നു. എഴുത്തുകാരുടെ തൂലികകളും പ്രഭാഷകരുടെ നാവുകളും വലിയ കത്രികകളാണ്. മുൻകാലങ്ങളിൽ ഇവരണ്ടും പരസ്പരം ചേർക്കുന്നതിന് ഉപയോഗിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും വായിൽ നിന്നും സ്നേഹത്തിന്റെ പുഷ്പങ്ങൾ പ്രവഹിച്ചിരുന്നു എന്ന് പറയാറുണ്ടായിരുന്നു. എന്നാൽ ഇന്ന് പലരുടേയും തൂലികയിൽ നിന്നും രക്തവും നാവിൽ നിന്ന് മുള്ളുകളും ഒഴുകുകയാണ്. അവ ഓരോരുത്തരേയും മറ്റുള്ളവരിൽ നിന്നും അകറ്റുകയും കൊള്ളക്കും കൊലക്കും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ലക്നൗവിൽ പത്രാധിപൻമാരുടെ ഒരു കോൺഫ്രൻസ് നടന്നു. അത് ഉത്ഘാടനം ചെയ്തത് അന്നത്തെ ഇന്ത്യൻ പ്രധാന മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. വിനീതൻ സേവകനായ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിൽ നിന്നും പത്രപ്രവർത്തകരായ പണ്ഡിതരും അതിൽ ക്ഷണിക്കപ്പെട്ടു. തിങ്ങി നിറഞ്ഞ സദസ്സിൽ മുസ്‌ലിംകളും ഹൈന്ദവരുമായ പ്രധാന പത്രപ്രവർത്തകർ ധാരാളമായി സമ്മേളിച്ചിരുന്നു. വിനീതനെ സംസാരിക്കാൻ ക്ഷണിച്ചപ്പോൾ ഒരു ഫാരിസി കവിത ആദ്യമായി പാരായണം ചെയ്തു: സൂക്ഷമതയോടെ പതുക്കെ നടക്കുക, പ്രിയപ്പെട്ടവരെ നിങ്ങളുടെ കാൽകീഴിൽ ധാരാളം ജീവനുകൾ പിടക്കുന്നുണ്ട്.! വിനീതൻ തുടർന്ന് പറഞ്ഞു: കവിതയിലെ നിങ്ങളുടെ കാൽകീഴിൽ എന്നത് മാറ്റി നിങ്ങളുടെ തൂലികക്ക് കീഴിൽ എന്ന് പറയാൻ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അതെ, നിങ്ങളുടെ തൂലികക്ക് കീഴിൽ ആയിരക്കണക്കിനല്ല,ലക്ഷക്കണക്കിന് ജീവിനുകളാണ് ഉള്ളത് ചിലവേള ഭരണാധികാരികളെക്കാളും നിങ്ങൾക്ക് ശക്തിയും സ്വാധീനവും ലഭിക്കാറുണ്ട്. നിങ്ങളുടെ തൂലികകൾ കത്രികകളായി മാറിയാൽ ലക്ഷോപലക്ഷം ജനങ്ങൾക്കിടയിൽ ഭിന്നതയും അകൽച്ചയും സംഭവിക്കുന്നതാണ്. ആകയാൽ നാം സൂക്ഷിച്ചും ശ്രദ്ധിച്ചും തൂലിക

ഉപയോഗിക്കുക.!

നമ്മുടെ രാജ്യം വളരെ അനുഗ്രഹീതമായ ഗുണങ്ങൾ നിറഞ്ഞ രാജ്യം കൂടിയാണ് എന്ന് മനസ്സിലാക്കുക. ഈ മണ്ണിന്റെ ഏറ്റവും വലിയ ഗുണം ഇവിടെ ജനങ്ങളുടെ മനസ്സുകളെ പരസ്പരം ചേർക്കുന്ന ധാരാളം വ്യക്തിത്വ ങ്ങൾ ജീവിച്ചിരുന്നു എന്നതാണ്. പടച്ചവന്റെ അനുഗ്രഹത്താൽ ലോകത്തെ വിവിധ രാജ്യങ്ങളിൽ യാത്ര ചെയ്യാനും വളരെ അടുത്ത് നിന്ന് നാടുകളെ യും നാട്ടുകാരെയും കാണാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. എന്നാൽ സ്നേഹത്തിന്റെ സംഗീതം മുഴക്കുന്ന മഹത്തുക്കളും കാരുണ്യ ഗീതങ്ങൾ ആലപിക്കുന്ന മണ്ണുകളും മതിലുകളും ഇന്ത്യയിലുള്ളത് പോലെ എവിടെയും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ രാജ്യത്ത് പിൻഗാമികളായ നാം ഇന്ന് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? വിനീതൻ ഒരു ചരിത്ര വി ദ്യാർത്ഥി കൂടിയാണ്. ചരിത്ര പഠനം എന്റെ ഏറ്റവും വലിയ ഹോബിയാണ്. ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്ന വലിയൊരു സന്ദേശം മുൻഗാമികൾ ഈ രാജ്യത്തോടും രാജ്യനിവാസികളോടും പുലർത്തിയ സ്നേഹമാണ്. ഈ രാജ്യത്തിന്റെ ഈ മഹൽഗുണം മനസ്സിലാക്കി നിരവധി മഹത്തുക്കൾ പുറത്ത് നിന്നും ഈ രാജ്യത്തേക്ക് വന്നിട്ടുണ്ട്. കൂടാതെ ഈ രാജ്യത്ത് തന്നെ ധാരാളം മഹാത്മാക്കൾ ജനിച്ചുയർന്നിട്ടുമുണ്ട്. അവർ സ്നേഹത്തിന്റെ സൂചികളായിരുന്നു. ഉദാഹരണത്തിന് ഹസ്രത്ത് നിസാമുദ്ദീൻ ഔലിയയു ടെ ചരിത്രം നിങ്ങൾ പഠിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. അദ്ദേഹത്തിന്റെ അപരനാമം തന്നെ മഹ്ബൂബെ ഇലാഹിയെന്നാണ്. അതായത് പടച്ചവ നെ സ്നേഹിക്കുകയും പടച്ചവനുവേണ്ടി പടപ്പുകളെ സ്നേഹിക്കുകയും അങ്ങനെ പടപ്പുകളുടെ സ്നേഹം പിടിച്ച് പറ്റുകയും ചെയ്ത വ്യക്തിത്വം. അതെ, ഈ രാജ്യത്തിന്റെ സമുന്നത പാരമ്പര്യം പരസ്പര സ്നേഹാദര ങ്ങളാണ്. രാജ്യത്തിന്റെ മുൻഗാമികളായ സമുൽകൃഷ്ട സന്താനങ്ങളുടെ സന്ദേശവും ഇത് തന്നെയാണ്.

എന്നാൽ ഇന്ന് അവസ്ഥകൾ മാറിക്കൊണ്ടിരിക്കുന്നത് വളരെയധികം ഖേദകരമാണ്. സമൂഹത്തിൽ മോശപ്പെട്ടവരും തെറ്റുകാരും ഉണ്ടാവുക എന്നത് സ്വാഭാവികമാണ്. പക്ഷേ, അതിന്റെ പേരിൽ അവർക്ക് ബന്ധ മുണ്ടെന്ന് പറയുന്ന മതങ്ങളെയും മത വ്യക്തിത്വങ്ങളെയും കരുവാക്കു ന്നതും ആക്ഷേപിക്കുന്നതും വളരെ മോശമാണ്. ഇന്ന് ഇതാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. ആരെങ്കിലും വല്ല തെറ്റുകുറ്റങ്ങളും ചെയ്താൽ ഇത് അവരുടെ പണ്ടുമുതലേയുള്ള സ്വഭാവമാണെന്നും അവർ ബന്ധപ്പെട്ട മതത്തിന്റെ തെറ്റാണെന്നും ആരോപിക്കപ്പെടുന്നു. എന്നാൽ തെറ്റ് ചെയ്തത് ഒരു വ്യക്തിയാണ്, അതിന്റെ കുറ്റം ആ വ്യക്തിയ്ക്ക് മാത്രമാ ണ്. സംഘടനയ്ക്കോ, മതത്തിനോ ആ തെറ്റുമായി ഒരു ബന്ധവുമില്ല. യഥാർത്ഥത്തിൽ നാമെല്ലാവരുടെയും മനസ്സുകളിലും മസ്തിഷ്കങ്ങളിലും

ഇന്ന് വിഷം കടന്നുകൂടിയിരിക്കുന്നു. അത് നമ്മുടെ ജീവിതത്തെയും പരിസരത്തെയും സമൂഹത്തെയും മലീമസമാക്കിത്തീർത്തു. ഈ വിഷത്തെ നാം ദൂരീകരിക്കേണ്ടതാണ്. ഈ വിഷത്തെ ദൂരീകരിച്ചില്ലെങ്കിൽ നമ്മുടെ ജീവിതം തന്നെ നാശമാകുന്നതാണ്.

വിനീതൻ വലിയ മഹാനൊന്നുമല്ല. ഒരു സാധാരണ മനുഷ്യൻ മാത്രമാണ്. എന്നാൽ എല്ലാ മനുഷ്യർക്കും പടച്ചവൻ കാര്യങ്ങൾ തിരിച്ചറിയാനുള്ള ഒരു ശേഷി നൽകിയിട്ടുണ്ട്. ആകാശത്ത് മിന്നൽപ്പിണർ ഉണ്ടാവുകയും ഇടിയുടെ ഗർജ്ജനങ്ങൾ ഉയരുകയും ചെയ്യുമ്പോൾ മഴ പെയ്യാൻ അടുത്തുവെന്ന് എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇത് പ്രവാചകന്മാരുടെ പ്രവചനങ്ങളൊന്നുമല്ല. ദിവസവും കാണുന്ന അനുഭവങ്ങളാണ്. ഇപ്രകാരം ഇന്ന് നമ്മുടെ മുമ്പിൽ നടക്കുന്ന അവസ്ഥകളും സംഭവങ്ങളും വളരെ ശക്തമായ ഒരു കാര്യം ഉണർത്തുന്നു: ഈ രാജ്യത്ത് ഇന്നത്തെ അവസ്ഥ തുടരുകയും പരസ്പര അകൽച്ചകളും തെറ്റിദ്ധാരണകളും വെറുപ്പുകളും നിലനിൽക്കുകയും നാം ആരും ഇതിനെ തടയാൻ പരിശ്രമിക്കാതിരിക്കുകയും ചെയ്താൽ നമുക്കും രാജ്യത്തിനും വലിയ നാശനഷ്ടങ്ങൾ സംഭവിക്കുന്നതാണ്. കടുത്ത സംശയങ്ങളും വെറുപ്പുകളുമാണ് ഇന്ന് വളർന്നുകൊണ്ടിരിക്കുന്നത്. പത്രമാസികകളും വിദ്യാഭ്യാസ പദ്ധതികളും രാഷ്ട്രീയ മേഖലകളുമെല്ലാം വെറുപ്പും വിദ്വേഷവും അധികരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു യൂറോപ്യൻ തത്വജ്ഞാനിയായ ഇ. എം. ജോഡ് പറയുന്നു: നിങ്ങൾ ഏതെങ്കിലും സമുദായത്തെ നിങ്ങളുടെ കൈപ്പിടിയിൽ നിയന്ത്രിച്ച് നിർത്താനും ഒതുക്കാനും ആഗ്രഹിക്കുന്നെങ്കിൽ രണ്ട് കാര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഒന്ന്, വെറുപ്പ്, രണ്ട്, ഭയം. ഇവ രണ്ടും ഒരിക്കലും അവസാനിപ്പിക്കരുത്. സദാസമയവും വഴക്കുണ്ടാക്കുകയും വഴക്കുണ്ടാപ്പിക്കുകയും ചെയ്യുക. എന്നാൽ നിങ്ങളുടെ നേതൃത്വം നിലനിൽക്കുന്നതും ഇരിപ്പിടം സുരക്ഷിതമാകുന്നതുമാണ്. (ഇന്റുർഡക്ഷൻ റ്റു മോഡേൺ ഫിലോസഫി) ഏതാനും വർഷങ്ങൾക്ക് മുമ്പ് ലണ്ടൻ യൂണിവേഴ്സിറ്റിയിലെ തത്വജ്ഞാനി വിഭാഗം തലവനായിരുന്ന ഇദ്ദേഹത്തിന് ഗൈഡ് റ്റു മോഡേൺ വീക്കൻഡ്നെസ് എന്ന ഒരു ഗ്രന്ഥവുമുണ്ട്. അതിൽ അദ്ദേഹം കുറിക്കുന്നു: വെറുപ്പ് പുലർത്താനും ഭയപ്പെടുത്താനും നിങ്ങളുടെ മുമ്പിൽ ആരെങ്കിലും ഇല്ലാതായാൽ അവരെ ആകാശത്ത് നിന്നെങ്കിലും കൊണ്ടുവരാൻ നിങ്ങൾ പരിശ്രമിക്കേണ്ടതാണ്. എന്നിട്ടും ആരെയും കിട്ടിയില്ലെങ്കിൽ സാങ്കൽപ്പികമായ ഏതെങ്കിലും നക്ഷത്രത്തെയോ മത്സ്യത്തെയോ മറ്റോ കണ്ടെത്തി നിങ്ങളുടെ കൂട്ടത്തിലുള്ളവർക്ക് അവരോടുള്ള വെറുപ്പും ഭയവും പകർന്ന് കൊടുക്കുകയും ചെയ്യുക. എന്നാൽ പിന്നെ നിങ്ങളുടെ കാര്യങ്ങൾ സുഖമമായി നടക്കുന്നതാണ്. ഇനി നിങ്ങൾക്ക് വീട്ടിൽ വിശ്രമിച്ച് കഴിയാം. ജനങ്ങൾ പരസ്പരം ഭയക്കുകയും വഴക്കുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കും.

നിങ്ങളുടെ നേതൃത്വവും സ്ഥാനമാനങ്ങളും നിലനിൽക്കുകയും ചെയ്യുന്ന താണ്! (ഗൈഡ് റ്റു മോഡേൺ വീക്കൻഡ്നെസ്)

രാഷ്ട്രീയക്കാരുടെ കാര്യം വലിയ കഷ്ടം തന്നെ. ഇന്നത്തെ ലക്ഷ്യം നട ന്നുകിട്ടണം എന്ന് അവർ ആഗ്രഹിക്കുന്നു. പക്ഷേ, നാളെ എന്താകുമെന്നും രാജ്യമാകുന്ന കപ്പൽ മുങ്ങിമരിച്ചാൽ നാം എവിടെ എങ്ങനെ രക്ഷപ്പെടുമെ ന്നും യാതൊരു ചിന്തയുമില്ല. അതെ, ഇന്നത്തെ കാര്യം നടക്കുമെന്നത് ശരിതന്നെ. ഇലക്ഷനിൽ ജയിക്കലും എവിടെയെങ്കിലും ചെയർമാനാകലും പ്രസിദ്ധനാകലും ജനങ്ങൾ തലയിൽ കയറ്റിവെക്കലും കൺമണിയാക്കലും എല്ലാം നടക്കുന്നതാണ്. പക്ഷേ, ഇതിന്റെയെല്ലാം സമയം കഴിഞ്ഞുപോകും. വെറുപ്പിന്റെയും ഭയത്തിന്റെയും അങ്ങേയറ്റം അപകടകരമായ പരിണിത ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ തന്നെയോ അടുത്ത തലമുറയിലോ തീർ ച്ചയായും പ്രത്യേക്ഷപ്പെടുമെന്ന് ചിന്തിക്കാറില്ല.

എല്ലാവർക്കും സ്വന്തം മക്കളെക്കുറിച്ച് വലിയ ചിന്തയാണ്. അവർക്കു വേണ്ടി അധ്വാനിക്കുന്നു, ഭൂമി വാങ്ങുന്നു, തോട്ടം വെച്ച് പിടിപ്പിക്കുന്നു, തോട്ടത്തിന്റെ ഫലം എപ്പോൾ ഉണ്ടാകുമെന്ന് ആരെങ്കിലും ചോദിച്ചാൽ നാം പറയും: നാം ഉപയോഗിച്ചില്ലെങ്കിലും നമ്മുടെ മക്കൾ ഉപയോഗിക്കുമല്ലോ. യഥാർത്ഥത്തിൽ നാം ഇത് വെക്കുന്നത് തന്നെ മക്കൾക്കുവേണ്ടിയാണ്! ഇത് മനുഷ്യ പ്രകൃതിയാണ്. മനുഷ്യൻ മക്കൾക്കുവേണ്ടി സാധന-സാമ ഗ്രികൾ വാങ്ങിക്കൂട്ടുന്നു. എന്നാൽ സാധന-സാമഗ്രികളേക്കാൾ എത്രയോ അത്യാവശ്യമാണ് മാനവികതയുടെ മഹൽഗുണം എന്ന് കൂടി നാം മനസ്സി ലാക്കുക. രാജ്യത്ത് വെറുപ്പിന്റെയും ഭയത്തിന്റെയും അന്തരീക്ഷം ഇങ്ങനെ നിലനിൽക്കുകയാണെങ്കിൽ ഏതാനും വർഷങ്ങൾക്ക് ശേഷം അതിഭയങ്ക രമായ ദുരന്തങ്ങൾ നാം കാണുന്നതാണ്. ഇതിനിടയിൽ നമ്മുടെ മരണം സംഭവിച്ചാൽ നമ്മുടെ മക്കൾ എത്രവലിയ നാശങ്ങളിലും പ്രശ്നങ്ങളിലും കഴിയുമെന്ന് നാം ആലോചിക്കുക.

ഇന്ന് വെറുപ്പിന്റെ ഉൽപ്പാദനമാണ് നടന്നുകൊണ്ടിരിക്കുന്നത്. കർ ഷകർ വിത്ത് എറിയുകയും ശേഷം മുള മുളയ്ക്കുകയും പാകമാവുകയും ചെയ്യുന്നതുപോലെ തന്നെയാണ് വെറുപ്പിന്റെയും ഭയത്തിന്റെയും കൃഷി യുടെയും അവസ്ഥ. എന്നല്ല, ഇതര കൃഷികളേക്കാളും ഇതിന്റെ കൃഷി വളരെ വേഗത്തിൽ വളരുകയും വൻ കൊയ്ത്ത് നടക്കുകയും ചെയ്യുന്നതാണ്. അക്രമികൾ വെറുപ്പിന്റെയും ഭയത്തിന്റെയും വിത്തുകൾ ജനങ്ങൾക്കിടയിൽ വിതറുന്നതാണ്. ഗോതമ്പിനെക്കാളും മറ്റ് ധാന്യങ്ങളേക്കാളും വളരെ കൂ ടുതലായി അതിന്റെ ഫലങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ്. നമ്മുടെ രാജ്യത്ത് കൃഷിയിടങ്ങളിൽ പലതും ശൂന്യമായിക്കിടക്കുന്നു. എന്നാൽ വെറുപ്പിന്റെയും ഭയത്തിന്റെയും കൃഷി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഒരു സമുദായം മറ്റൊരു സമുദായത്തെക്കുറിച്ചുള്ള ഭയവും വെറുപ്പും പ്രചരിപ്പിക്കുമ്പോൾ മറ്റ് സമു

ദായവും അതേ മാർഗ്ഗം സ്വീകരിക്കുകയും ഇരുകൂട്ടരും മത്സരിക്കുകയും ചെയ്യുന്നു. ഞാൻ തുറന്ന് പറയട്ടെ: സ്വന്തം സഹോദരന്മാരെ ഭയക്കുകയും വെറുക്കുകയും ചെയ്യുന്ന അവസ്ഥ നമ്മുടെ രാജ്യത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഭീരുത്വവും നിന്ദ്യതയും ആരോപിക്കപ്പെടുമെന്ന് ഭയന്ന് എല്ലാവരും ഇത് മറച്ചുവെക്കുന്നു എന്ന് മാത്രം. പരസ്പരം അയൽവാസികളും സാഹദോര്യത്തോടെ കഴിയേണ്ടവരുമായ ഹിന്ദുക്കൾ മുസ്‌ലിംകളെയും മുസ്‌ലിംകൾ ഹിന്ദുക്കളെയും ഭയന്നും വെറുത്തും കഴിയുന്നത് എത്ര വലിയ നിന്ദ്യതയാണ്. ഇതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം നാം പരസ്പരം തിരിച്ചറിയുകയും അടുക്കുകയും ചെയ്യുക എന്നതുമാത്രമാണ്. നാമെല്ലാവരും ഒരു പടച്ചവന്റെ അടിമകളും ഒരു പിതാവിന്റെ മക്കളും ഒരുമിച്ച് ഒരു നാട്ടിൽ കഴിയേണ്ടവരുമാണെന്ന യാഥാർത്ഥ്യം നന്നായി മനസ്സിലാക്കിയിരുന്നെങ്കിൽ നാം പരസ്പരം സ്നേഹാദരവുകൾ പുലർത്തുന്നതാണ്. ഈ സ്നേഹത്തെ ഇതിന്റെ വഴിയിൽ തന്നെ നാം വിട്ടിരുന്നെങ്കിൽ മാതാപിതാക്കളും മക്കളും പരസ്പരം സ്നേഹിക്കുന്നതുപോലെ സഹോദരനെ കാണുമ്പോൾ ആദരിക്കുന്നതുപോലെ നാമും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതാണ്. പക്ഷേ, ഇന്ന് മുസ്‌ലിംകൾക്ക് ഹിന്ദുക്കളെയോ ഹൈന്ദവർക്ക് മുസ്‌ലിംകളെയോ അറിയില്ല. പിന്നെങ്ങനെ ഈ സ്നേഹാദരവുകൾ ഉണ്ടാകാനാണ്?

നമ്മുടെ പൂർവ്വ ചരിത്രങ്ങളും രചനകളും കവിതാ സാഹിത്യങ്ങളും പരസ്പരമുള്ള സ്നേഹാദരങ്ങളെക്കൊണ്ട് നിറഞ്ഞ് കിടക്കുകയാണ്. പക്ഷേ, നാം ആരും അതിനെ അൽപ്പം പോലും പുറത്തേക്ക് ഇറക്കാതെ വലിയ പാത്രത്തിൽ പൂട്ടിവെച്ചിരിക്കുകയാണ്. തരിപോലും പുറത്തേക്ക് വരാതിരിക്കുന്നതിന് ശക്തമായ അടപ്പുവെച്ച് സീലും ചെയ്തിരിക്കുന്നു. പിന്നീട് പഴയെ ചരിത്രങ്ങളിൽ നിന്നും ദ്വാരമുണ്ടാക്കി പുറത്തേക്ക് വിടുന്നതെല്ലാം വെറുപ്പ് മാത്രമാണ്. അങ്ങനെ സ്നേഹത്തിന്റെ സുഷിരങ്ങൾ അടയ്ക്കുകയും വെറുപ്പിന്റെ ദ്വാരങ്ങൾ തുറക്കുകയും പരത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. കാരണം ഇതിലൂടെ പ്രശസ്തിയും നേതൃത്വവും ഇലക്ഷൻ വിജയവും കസേരയുടെ സുരക്ഷിതത്വവും ലഭിക്കുന്നതാണ്. സ്നേഹാദരവുകളുടെ സന്ദേശങ്ങൾ പറയുന്നവരെ ജനങ്ങൾക്കും ഇഷ്ടമല്ല. നിങ്ങളെ ഞങ്ങൾക്ക് ആവശ്യമില്ല, നിങ്ങൾ സ്നേഹത്തിന്റെ പാട്ടും പാടി വീട്ടിലിരിക്കുക എന്നാണ് പൊതുജനങ്ങളുടെ ഭാഷ്യവും. എന്നാൽ ഇത് നമ്മുടെ ഏറ്റവും വലിയ ബലഹീനതയും നാശത്തിന്റെ കാരണവുമാണെന്ന് നാം മനസ്സിലാക്കുക.

നാം കൂടിയിരുന്ന് പരസ്പര വിശ്വാസത്തിന്റെയും സ്നേഹാദരവുകളുടെയും കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ നമ്മിലേക്ക് ഒരു തീപ്പൊരി പ്രാസംഗികൻ വന്ന് ഇങ്ങനെ പ്രസംഗം തുടങ്ങുന്നതായി സങ്കൽപ്പിക്കുക: മുസ്‌ലിംകളെ, നിങ്ങളുടെ മേൽ അവിടെയും ഇവിടെയും വലിയ അക്രമങ്ങൾ നടക്കുകയാണ്. നിങ്ങളെ നശിപ്പിക്കാൻ ഹിന്ദുക്കൾ ആഗ്രഹിക്കുന്നു. അവർ

നിങ്ങളെ സമാധാനത്തോടെ ജീവിക്കാൻ സമ്മതിക്കുന്നതല്ല...! ഇപ്പോൾ എന്ത് നടക്കുമെന്ന് അറിയാമോ? നമ്മുടെ പ്രാസംഗികനെ അവിടെത്തന്നെ ഇരുത്തി എല്ലാവരും തീപ്പൊരി പ്രാസംഗികന്റെ അടുത്തേക്ക് പായുകയും സിന്ദാബാദ് വിളി ആരംഭിക്കുകയും ചെയ്യും. ഇതുപോലെ ഹൈന്ദവ സഹോദരങ്ങൾക്കിടയിൽ ആരെങ്കിലും എഴുന്നേറ്റ് നിന്ന് ഇപ്രകാരം പ്ര സംഗിച്ച് തുടങ്ങട്ടെ: മുസ്‌ലിംകൾ മഹാമോശമാണ്. പാകിസ്ഥാൻ വലിയ നാശമാണ്...! എല്ലാവരും അവിടെയും തടിച്ചുകൂടി ജയഭേരി മുഴക്കാൻ തുടങ്ങുന്നതാണ്.

നമ്മുടെ ഈ ബലഹീനതയുടെ അടിസ്ഥാന കാരണം ഇത്തരം ആളുകൾക്ക് നാം അവസരം കൊടുക്കുന്നതാണ്. ജനങ്ങളുടെ വികാരം കുത്തിയിളക്കുകയും വെറുപ്പും വിദ്വേഷവും ആളിക്കത്തിക്കുകയും ചെയ്താൽ നമ്മുടെ കാര്യം നടക്കുമെന്ന് അവർക്ക് നന്നായിട്ടറിയാം. പരസ്പരം സ്നേഹത്തിന്റെയും സഹനതയുടെയും ആത്മനിയന്ത്രണത്തിന്റെയും സംസാരങ്ങൾ ജനങ്ങളെ ആവേശഭരിതരാക്കുകയില്ലെന്നും അത് ജനങ്ങൾ സ്വീകരിച്ചാൽ തന്നെ നമുക്ക് സ്ഥാനമാനങ്ങളൊന്നും ലഭിക്കുകയില്ലെന്നും നേതാക്കൾ മനസ്സിലാക്കിയിരിക്കുന്നു.

എന്നാൽ ഈ അവസ്ഥാ വിശേഷം വളരെ അപകടകരമാണ്. ഭയത്തിന്റെയും വെറുപ്പിന്റെയും ഈ പ്രവാഹം തടഞ്ഞ് നിർത്തിയില്ലെങ്കിൽ ഇത് നന്മകളെയെല്ലാം നശിപ്പിക്കുമെന്ന് ഓർക്കുക. ഇന്ന് അൽപ്പം അധ്വാനിക്കുകയും പരസ്പര സ്നേഹത്തോടെ ജീവിക്കാൻ പരിശീലിക്കുകയും രാജ്യത്തെ രക്ഷിക്കുന്നതിനും വളർത്തുന്നതിനും ഒത്തൊരുമിച്ച് പരിശ്രമിക്കുകയും ചെയ്യുക. തീർച്ചയായും ആരംഭത്തിൽ അൽപ്പം ബുദ്ധിമുട്ട് ഉണ്ടായാലും എത്രയും വേഗം സദ്ഫലങ്ങൾ പ്രകടമാകുന്നതാണ്. ഇതിലൂടെ നമുക്കും മറ്റുള്ളവർക്കും യഥാർത്ഥ ജീവിതത്തിന്റെ സുഖവും രസവും കൈവരുന്നതാണ്. ജീവിതമെന്നാൽ പണവും പണ്ടവും സ്ഥാനവും അധികാരവൊന്നുമല്ല. ശാന്തിയോടെയും സമാധാനത്തോടെയും പരസ്പര സ്നേഹത്തോടെയും ആത്മസംതൃപ്തിയോടെയും ജീവിക്കുക എന്നതാണ് യഥാർത്ഥ ജീവിതം.

നാം ഒന്ന് സങ്കൽപ്പിക്കുക: ഒരു കുടുംബത്തിന്റെ വീട് ചെറ്റക്കുടിലാണ്. കഴിക്കാൻ ഉണക്ക റൊട്ടിയാണ് അവിടെയുള്ളത്. കിടക്കാൻ വിരിപ്പ് പോലും ഇല്ല. ധരിക്കാൻ വസ്ത്രവുമില്ല. പക്ഷേ, വീട്ടിലുള്ളവർക്കിടയിൽ വിശ്വാസവും സ്നേഹവുമുണ്ട്. ഇവർ സന്തോഷത്തോടെ ജീവിക്കുന്നതും സമാധാനത്തോടെ ഉറങ്ങുന്നതും സുഖ-സന്തോഷങ്ങളിൽ കഴിയുന്നതുമാണ്. എന്നാൽ മറ്റൊരു കുടുംബത്തിന്റെ വീട് മണിമാളികയാണ്. അവിടെ ലോകത്തുള്ള സുഖാഢംബരങ്ങളെല്ലാം സമൃദ്ധമായിരിക്കുന്നു. പക്ഷേ, അംഗങ്ങൾക്കിടയിൽ വെറുപ്പാണ്. പരസ്പരം കേസുകളിൽ മത്സരമാണ്. സഹോദരന് സ്വന്തം സഹോദരനെ കണ്ടുകൂടാ. എല്ലാവരും പരസ്പരം ഭയന്നും

വെറുത്തും കഴിയുന്നു. സ്വന്തം സഹോദരൻ കഴുത്ത് ഞെക്കുമോ എന്ന് ഭയന്ന് രാത്രി ആരും ഉറങ്ങാറില്ല. ആരെങ്കിലും നാണം കെടുത്തുമോയെന്ന് ഭയന്ന് എപ്പോഴും അമ്പരപ്പിലാണ്. ഈ വീട്ടിൽ സാധന-സാമഗ്രികൾ കൂടാതെ, ബാങ്ക് ബാലൻസും ധാരാളമുണ്ട്. എന്നാൽ യാതൊരു സുഖവും രസവുമില്ലാത്ത ഈ വീട് യഥാർത്ഥത്തിൽ നരകമല്ലേ? ആദ്യത്തെ വീട്ടിൽ റ്റി.വിയും ഇതര ഫർണിച്ചറുകളും ആഢംബര വസ്തുക്കളും ഒന്നുമില്ലെങ്കിലും അമൂല്യമായ സ്നേഹമുണ്ട്. മാതാപിതാക്കൾക്ക് നാലഞ്ച് മക്കളുണ്ട്. എല്ലാവരും പരസ്പരം സേവിക്കുകയും സഹായിക്കുകയും ചെയ്യുന്നു. മാതിപിതാക്കളുടെ ബന്ധുക്കൾ ആരെങ്കിലും വന്നാൽ അവർ ഒതുങ്ങിക്കൂടി മറ്റുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നു. വൃദ്ധർ കുഞ്ഞുങ്ങളോട് കരുണയും കുഞ്ഞുങ്ങൾ വൃദ്ധരോട് ആദരവും പുലർത്തുന്നു. ഈ രംഗങ്ങൾ കാണുന്നത് തന്നെ എത്ര മനോഹരമാണ്! അപ്പോൾ ഇത് അനുഭവിക്കുന്നവരുടെ അനുഭൂതി എത്ര വലുതായിരിക്കും!!

ആകയാൽ പരസ്പരം സ്നേഹ വിശ്വാസങ്ങളോടെ ജീവിക്കാൻ നാം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും പരിശീലിക്കുകയും ചെയ്യുക. സ്നേഹമിലാത്ത് ജീവിതം എന്ത് ജീവിതമാണ്? മനുഷ്യൻ മനുഷ്യനെ വെറുക്കുകയും ഒരു സമുദായം മറ്റൊരു സമുദായത്തെ ഭയക്കുകയും ചെയ്യുന്ന ജീവിതം ജീവിതമാണോ? ഒരേ സ്ഥലത്ത് താമസിക്കുകയും ജോലി ചെയ്യുകയും യാത്രകൾ നടത്തുകയും ചെയ്യുന്നവർ പരസ്പരം രക്തദാഹികളായി കഴിയുന്നതും അവസാനം തല്ലുകയും കൊല്ലുകയും ചെയ്യുന്നതും എത്ര വലിയ നിന്ദ്യതയാണ്. പട്ടണങ്ങൾ വികസിക്കുകയും കോളേജുകളും യൂണിവേഴ്സിറ്റികളും വർദ്ധിക്കുകയും ചെയ്തെങ്കിലും പരസ്പരം ശത്രുതയിലും വിരോധത്തിലും ജനങ്ങൾ കഴിയുകയാണെങ്കിൽ ഈ വികസന വിദ്യാഭ്യാസങ്ങൾ കൊണ്ട് എന്ത് ഗുണമാണുള്ളത്?

വിനീതൻ സംസാരം ചുരുക്കുന്നു. നാമെല്ലാവരും മനുഷ്യത്വത്തെ പഠിക്കുകയും പരിശീലിക്കുകയും ചെയ്യുക എന്നതാണ് ആദ്യാവസാനം ആവർത്തിച്ച് പറയാനുള്ളത്. മഹാന്മാരായ പ്രവാചകന്മാരും പിൻഗാമികളായ മഹത്തുക്കളും പഠിപ്പിച്ച പ്രധാന പാഠവും ഇതുതന്നെയാണ്. ഇന്നും ഇത്തരം ആളുകൾ ഇല്ലാതയില്ല. നാമും അവരിൽ പെടുകയും അവർക്ക് ശക്തി പകരുകയും ചെയ്യുക എന്നതാണ് ഏറ്റവും വലിയ ആവശ്യം. ഒരിക്കൽ ഞങ്ങൾ ഒരു വിവാഹത്തിൽ പങ്കെടുത്തു. എന്റെ കൂട്ടത്തിൽ സുഹൃത്തായ ഒരു ഡോക്ടറും ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് ഞങ്ങൾ വാഹനത്തിൽ കയറാൻ പുറത്തേക്ക് ഇറങ്ങിയപ്പോൾ വലിയ ഉന്തും തള്ളുമുണ്ടായി. ഇതിനിടയിൽ ഒരാൾ ബോധംകെട്ട് വീണു. ഡോക്ടറുടെ കയ്യിൽ മരുന്നുകൾ ഉണ്ടായിരുന്നതിനാൽ മരുന്ന് കൊടുത്തപ്പോൾ അദ്ദേഹത്തിന് ബോധം വന്നു. എന്നാൽ നാട്ടുകാരിൽ ചിലർ ഡോക്ടറാണ് തള്ളിയിട്ടത് എന്ന്

പറഞ്ഞ് ബഹളമുണ്ടാക്കുകയും വടികളെടുത്ത് അദ്ദേഹത്തെ അടിക്കാൻ ചുറ്റും കൂടുകയും അവരെ തിരിച്ചടിക്കാൻ മറ്റൊരു കൂട്ടർ ഒരുങ്ങുകയും ചെയ്തു. അവിടെ ഒരു കലാപത്തിനുള്ള സർവ്വ സാധ്യതകളും രൂപപ്പെട്ടു. ഇതിനിടയിൽ പെട്ടെന്ന് വിദ്യാഭ്യാസമുള്ള ഒരു ഹിന്ദു സഹോദരൻ കസേര യുടെ മുകളിൽ എഴുന്നേറ്റ് നിന്നു. അദ്ദേഹം പറഞ്ഞു: ആരും ഇദ്ദേഹത്തെ തൊട്ട് പോകരുത്. പരസ്പരം ആരും ആരെയും അക്രമിക്കാനും പാടില്ല. വല്ല വനും അക്രമം കാട്ടിയാൽ ഞാൻ അവർക്കെതിരായി പോലീസിൽ മൊഴി കൊടുക്കുന്നതാണ്! ഇതുകേട്ട് അവസ്ഥ അൽപ്പം ശാന്തമായി. എന്നാൽ ചിലർ വിളിച്ച് ചോദിച്ചു: നിങ്ങൾ എന്തിനാണ് മുസ്‌ലിമായ ഈ ഡോക്ടറെ സഹായിക്കുന്നത്? അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു: ഞാൻ മനുഷ്യനാണ്. ഇദ്ദേഹവും മനുഷ്യനാണ്! ഇതോടെ ജനങ്ങളെല്ലാവരും പിരിഞ്ഞുപോയി. ഞങ്ങൾ വാഹനത്തിൽ കയറി നാട്ടിലെത്തി. യഥാർത്ഥത്തിൽ ഇത്തരം ആളുകളിലൂടെയാണ് ഈ രാജ്യം നിലനിൽക്കുന്നത്. ഇവരിലൂടെ മാത്രമേ ഈ രാജ്യം നിലനിൽക്കുകയുള്ളൂ. ഓരോ നാടുകളിലും പട്ടണങ്ങളിലും ജാതിമത വ്യത്യാസമില്ലാതെ ഏതാനും ആളുകളെങ്കിലും മാനവികതയെ ക്കുറിച്ച് ചിന്തിക്കണമെന്നും അവർ പരസ്പരം കൂടിയാലോചിച്ച് സ്നേഹ വിശ്വാസങ്ങൾ വർദ്ധിപ്പിക്കണമെന്നും പ്രശ്നങ്ങൾ വല്ലതുമുണ്ടായാൽ അവർ മുന്നിട്ടിറങ്ങി പരിഹരിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതേ ആഗ്രഹം ഒരു അപേക്ഷയായി നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നു.

വലിയ ബഹളങ്ങൾക്കിടയിൽ നിസ്സാര ശബ്ദം ആര് കേൾക്കാനാണെന്നും ധാരാളം പ്രസിദ്ധീകരണങ്ങളും മഹാസമ്മേളനങ്ങളും അരങ്ങ് തകർക്കുന്ന ഈ നാട്ടിൽ നിങ്ങളെപ്പോലെയുള്ള ഏതാനും ആളുകൾക്ക് മുന്നിൽ ഈ കാര്യം പറഞ്ഞിട്ട് എന്ത് ഫലമെന്നും ഇതുകൊണ്ട് മാറ്റം വല്ലതും ഉണ്ടാ കുമോയെന്നും നിങ്ങൾക്ക് സംശയമുണ്ടായേക്കാം. എന്നാൽ ഞങ്ങൾക്ക് ഈ സന്ദേശത്തിന്റെ പ്രതിഫലനത്തെക്കുറിച്ച് യാതൊരു സംശയവുമില്ല. ഈ ലോകത്ത് നന്മയുടെ സന്ദേശങ്ങളെല്ലാം തുടങ്ങിയതും പ്രചരിച്ചതും ഇങ്ങനെയാണ്. നന്മയുടെ പ്രവർത്തനങ്ങൾ നാം ആരംഭിക്കുക. എത്ര പേരും കേൾക്കുമെന്നും പ്രവർത്തിക്കുമെന്നും ആലോചിച്ച് കൊണ്ടിരു ന്നാൽ ഒന്നും നടക്കുകയില്ല. എന്നാൽ ആരെങ്കിലും നന്മയുടെ വഴിയിൽ ആത്മാർത്ഥമായി പരിശ്രമിച്ചാൽ അതിന് ഫലം ഉണ്ടാവുക തന്നെ ചെയ്യും. നമ്മുടെ രാജ്യത്ത് തന്നെ ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ഈ രാജ്യം ബ്രിട്ടീഷ് ഭരണത്തിലായിരുന്നു. ഇതിനിടയിൽ ഇത് സ്വതന്ത്രമാകാൻ ഒരു സാധ്യതയുമില്ലായിരുന്നു. പക്ഷേ, മഹാന്മാർ പരിശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ഗാന്ധിജിയെയും മോത്തിലാൽജിയെയും പോലുള്ളവർ ഇത് ഏറ്റെടുത്തു. ഇവരുടെ പ്രഭാഷണങ്ങൾ കേൾക്കാൻ ആദ്യം ആളുകൾ വളരെ കുറവായിരുന്നു. പക്ഷേ, പരിശ്രമങ്ങൾ തുടർന്നപ്പോൾ രാജ്യത്ത്

സ്വാതന്ത്ര്യത്തിന്റെ അരുണോദയം ഉണ്ടായി. കൃഷിക്കളത്തിലേക്ക് വിത്തറിയുന്ന കർഷകൻ ഒരുപിടി വിത്ത് എറിയലുകൊണ്ട് എന്ത് ഗുണമെന്നും ഇത് പാഴാക്കി ജനങ്ങളെ വിശപ്പിലേക്ക് തള്ളിയിടുന്നത് എന്തിനാണെന്നും ചിന്തിക്കാറില്ല. അദ്ദേഹം പരിശ്രമം നടത്തിക്കൊണ്ടിരിക്കും, പടച്ചവൻ സദ്ഫലങ്ങൾ പ്രകടമാക്കുകയും ചെയ്യും.

ആകയാൽ ഇവിടെ പരസ്പര വിശ്വാസത്തിന്റെയും സ്നേഹാദരവുകളുടെയും ഒരു അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ നാം ഓരോരുത്തരും പരിശ്രമിക്കുക. നാട്ടിൽ പ്രശ്നമുണ്ടാകാതിരിക്കാനും ഉണ്ടായ പ്രശ്നങ്ങൾ ദൂരീകരിക്കാനും പരിശുദ്ധ ഖുർആൻ ഒരു മർഗ്ഗം പറഞ്ഞുതരുന്നുണ്ട്. അതായത് ആരെങ്കിലും ആരെയെങ്കിലും കുറിച്ച് വല്ല ആരോപണവും പറഞ്ഞാൽ കേൾക്കുന്നവർ എടുത്ത് ചാടി പ്രതികരിക്കാതെ ആദ്യം ആരോപണ വിധേയരെക്കുറിച്ച് സദ്ഭാവന പുലർത്തുകയും ഞങ്ങൾ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാൻ സന്നദ്ധരല്ലെന്ന് പറയുകയും ചെയ്യേണ്ടതാണ്! ഇത് എത്ര ലളിതവും ശക്തവുമായ മാർഗ്ഗമാണ്. നാം ഓരോരുത്തരും മറ്റുള്ളവരുടെ കണ്ണാടിയാണ്. നാം നല്ലവരാണെങ്കിൽ മറ്റുള്ളവരും നല്ലവരായിരിക്കും എന്ന് വിചാരിക്കുക. ആരെങ്കിലും മോഷ്ടാവാണെന്ന് പറയപ്പെടുന്നത് കേട്ടാൽ ഞാൻ മോഷ്ടാവല്ലാത്തതുകൊണ്ട് അദ്ദേഹവും മോഷ്ടാവായിരിക്കുകയില്ലെന്ന് ചിന്തിക്കേണ്ടതാണ്. പിന്നീട് തെളിവിലൂടെ ഈ കാര്യം സ്ഥിരപ്പെട്ടാൽ അത് തിരുത്താനും പരിഹരിക്കാനും പരിശ്രമിക്കേണ്ടതാണ്.

ഇതുപോലെ പരസ്പരം വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും അവസ്ഥ നാം ഉണ്ടാക്കിയെടുക്കുക. ആരെങ്കിലും തെറ്റാകാൻ സാധ്യതയുള്ള കാര്യം പറഞ്ഞാൽ അത് അതേപടി അംഗീകരിക്കരുത്. അതിനെപ്പറ്റി ശരിയായ അന്വേഷണങ്ങൾ നടത്തുക. മറ്റുള്ളവരെക്കുറിച്ച് അത്ഭുതകരമായ നന്മകൾ വല്ലതും പറഞ്ഞാൽ നാം അത്ഭുതപ്പെടുകയും അതിനെക്കുറിച്ച് ധാരാളം അന്വേഷിക്കുകയും ചെയ്യുമല്ലോ. ഇതേകാര്യം പരസ്പരം വിദ്വേഷമുണ്ടാക്കുന്ന വർത്തകളുടെ വിഷയത്തിൽ നാം സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?

ഈ ലോകജീവിതം നടക്കുന്നത് തന്നെ പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. നിങ്ങൾ കടയിൽ പോയി സാധനങ്ങൾ വാങ്ങിക്കുന്നതും ആശുപത്രിയിൽ പോയി ചികിത്സിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നതും എല്ലാം വിശ്വാസത്തിന്റെ പേരിലാണ്. ഈ വിശ്വാസം നഷ്ടപ്പെട്ടാൽ ഈ മേഖലകളെല്ലാം തകർന്ന് പോകുന്നതാണ്. അതുകൊണ്ട് പരസ്പര വിശ്വാസത്തിന്റെ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുകയും നമ്മുടെ മഹാരാജ്യത്തെ സ്വർഗ്ഗ തുല്യമാക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്ന് ആത്മാർത്ഥമായി ഉപദേശിക്കുകയാണ്. പടച്ചവൻ അനുഗ്രഹിക്കട്ടെ.

# ആൾ ഇന്ത്യാ പയാമെ ഇൻസാനിയ്യത്ത് ഫോറം
# ദാറുൽ ഉലൂം, ഓച്ചിറ

ബഹുമാന്യരെ,

നമ്മുടെ സമുന്നത രാജ്യം ഇവിടെ വരെ എത്തിയത് മാനവികതയുടെ മഹത്തായ ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ്. നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ വചനം ഭാരതത്തിൻറെ സമുന്നത പാരമ്പര്യത്തെ വിളിച്ചറിയിക്കുന്നു. ഇത്തരണത്തിൽ ഈ മാനവികതയിൽ കൂടി മാത്രമേ നമ്മുടെ വീടിനും നാടിനും സംസ്ഥാനത്തിനും രാജ്യത്തിനും ശരിയായ പുരോഗതി പ്രാപിക്കാൻ സാധിക്കുകയുള്ളു. പരസ്പരമുള്ള പ്രശ്നങ്ങൾ സ്വാഭാവികമാണ്.

പക്ഷെ അതിനെ സംങ്കീർണ്ണമാക്കാതെയും വലുതാകാതെയും പരിഹരിക്കുക എന്നതാണ് നമ്മുടെ പാരമ്പര്യത്തിൻറെ മറ്റൊരു പാഠം. എന്നാൽ ഈ അവസ്ഥക്ക് ഇന്ന് മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് വളരെയധികം വേദനാജനകമാണ്. ഒരു ഭാഗത്ത് ചിലർ പരസ്പരം അകൽച്ച ഉണ്ടാക്കുന്നു. മറുഭാഗത്ത് മറുവിഭാഗംഈ അകൽച്ച കൂടുതൽ വർദ്ധിപ്പിക്കുന്നു.

തദ്ഫലമായി അകൽച്ചകൾ താഴെതട്ടിലേക്ക് ഇറങ്ങുകയും ജനങ്ങൾ പരസ്പരം അസഭ്യം പറയുകയും അരുതായ്മകൾ കാട്ടിക്കൂട്ടുകയും ചെയ്യുന്നു. വാർത്തകളുടേയും മറ്റും കമൻറ് ബോക്സുകളിൽ സുലഭമായി കാണപ്പെടുന്ന സഭ്യേതര വാക്കുകൾ വ്യക്തമായ ഒരു മുന്നറിയിപ്പാണ്. ഇത് ഇല്ലാതാക്കാനും മാനവികതയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനും താങ്കളും സംഘടനയും സ്ഥാപനവും മുന്നിട്ടിറങ്ങണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

ഈ വിഷയത്തിൽ രണ്ട് പ്രവർത്തനങ്ങൾ കഴിയുന്നത്ര നിർവ്വഹിക്കണമെന്ന് അപേക്ഷിക്കുന്നു. 1, പയാമെ ഇൻസാനിയത്ത് (മെസേജ് ഓഫ് ഹ്യൂമാനിറ്റി, മാനവതാ സന്ദേശം) എന്ന ഈ പ്രവർത്തനത്തിൻറെ സ്ഥാപകൻ മൗലാനാ അലിമിയാൻ അവർകളുടെ ഇതുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങൾ പഠിക്കുകയും പകർത്തുകയും താങ്കളുടെ പ്രഭാഷണ-രചനാ-മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുക. 2, പരസ്പരം സ്നേഹാദരങ്ങൾ വർദ്ധിക്കണം എന്ന ലക്ഷ്യത്തിൽ സന്ദർശനങ്ങളും സംഭാഷണങ്ങളും ഉപഹാരങ്ങൾ നൽകലും വർദ്ധിപ്പിക്കുക. വളരെ പ്രധാനപ്പെട്ട ഈ കാര്യങ്ങൾ ചെയ്യുന്നതിന് താങ്കൾ മുന്നോട്ട് വരികയും വിലയേറിയ നിർമ്മാണത്മക അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പടച്ചവൻ അനുഗ്രഹിക്കട്ടെ.!

കേരളത്തിലെ വിവിധ മത രാഷ്ട്രീയ നേതാക്കൾക്കും പ്രധാന വ്യക്തിത്വങ്ങൾക്കും എത്തിച്ചുകൊടുത്ത ഈ കത്തും ഈ രചനയും താങ്കളും ഇതര നേതാക്കൾക്കും വ്യക്തിത്വങ്ങൾക്കും എത്തിച്ച് കൊടുക്കണമെന്നും ഇതിനെക്കുറിച്ചുള്ള പ്രതികരണം അറിയിക്കണമെന്നും വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.
7736723639, 9847502729